**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 472** | **08-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയെക്കുറിച്ച് ആൾട്ടർനേറ്റീവ് ട്രാൻസ്പോർട്ട് അനാലിസിസ് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ് നടത്തിയ ആൾട്ടർനേറ്റീവ് ട്രാൻസ്പോർട്ട് അനാലിസിസ് പഠനത്തിൽ കൊച്ചി മെട്രോ മാതൃകയിലുള്ള മീഡിയം മെട്രോ റെയിൽ പദ്ധതിയാണ് തിരുവനന്തപുരത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പ്ലാൻ [Comprehensive Mobility Plan], ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. 2017-ലെ പുതിയ മെട്രോ നയത്തിന് അനുസൃതമായ മാറ്റങ്ങളോട്ട കൂടിയ വിശദ പദ്ധതി രേഖ [Detailed Project Report] കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കി വരികയാണ്. |
| (ബി) | തിരുവനന്തപുരം മെട്രോറെയിൽ പദ്ധതിയുടെ പ്രാഥമിക പദ്ധതി രേഖ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിശദ പദ്ധതി രേഖയുടെ സംക്ഷിപ്ത രൂപത്തിന്റെ (Executive Summary) കരട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | തലസ്ഥാനത്തെ മെട്രോറെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പിന്തുണ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വിശദ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് കേന്ദ്രാനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി അടിയന്തരമായി സാക്ഷാത്കരിക്കാനുള്ള ശക്തമായ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ലഭ്യമാക്കിയ സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട്, വിശദ പദ്ധതി രേഖയുടെ സംക്ഷിപ്ത രൂപത്തിന്റെ കരട് എന്നിവ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ